# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2143

26.03.2013-ൽ മറുപടിക്ക്

## കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്കിന്റെ ക്ലാസ്സിഫിക്കേഷൻ, ക്ലാസ് 1 ആക്കുന്നതിനും, ബാങ്കിന്റെ ചെറുവാളൂർ എക്സ്റ്റൻഷൻ കൗണ്ടർ ബ്രാഞ്ചാക്കി മാറ്റുന്നതിനുമുള്ള അപേക്ഷകളിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.628 ന്റെ ചെറുവാളൂരിൽ പ്രവർത്തിച്ചു വരുന്ന എക്സ്റ്റൻഷൻ കൗണ്ടർ ബ്രാഞ്ചാക്കി ഉയർത്തുന്നതിനുള്ള അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിച്ച അപേക്ഷയിന്മേൽ ജോയിന്റ് രജിസ്ട്രാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br>കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 628 നെ ക്ലാസ്സിഫിക്കേഷൻ ക്ലാസ്സ്-1 ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ജോയിന്റ് രജിസ്ട്രാർ പരിശോധിച്ച് വരുന്നു. |
| (ബി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ